**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4362** **06-03-2023 - ൽ മറുപടിയ്ക്ക്**

**എന്റർപ്രണർ സപ്പോർട്ട് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണെന്നും ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ? | (എ) | വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് ഈ പദ്ധതിയിൽ സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br><br>2022 - 23 സാമ്പത്തിക വർഷം സംരംഭക സഹായ പദ്ധതിക്കായി 6000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (ബഡ്ജറ്റ് വിഹിതം 7400 ലക്ഷം രൂപ ആയിരുന്നു. അതിൽ നിന്ന് 1400 ലക്ഷം രൂപ ചെറുകിട യൂണിറ്റുകൾക്കായുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതിയിലേക്ക് re-appropriation ചെയ്തു നൽകി) പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 757 സംരംഭങ്ങൾക്കായി 3585.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ